**പതിനഞ്ചാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2023 ഫെബ്രുവരി 09, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ചോദ്യോത്തരവേള ആരംഭിച്ചയുടൻ, ബജറ്റിലെ നികുതി വർദ്ധനവ് പിൻവലിക്കാത്തതിലും സത്യാഗ്രഹമനുഷ്ഠിക്കുന്ന പ്രതിപക്ഷ എം.എൽ.എ.-മാരോടുള്ള ധനകാര്യവകുപ്പുമന്ത്രിയുടെ സമീപനത്തിലും പ്രതിഷേധം രേഖപ്പെടുത്തുന്നതായി പ്രതിപക്ഷനേതാവ് അറിയിക്കുകയും പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ചുകൊണ്ട് ബഹു. സ്പീക്കറുടെ ഡയസിനുചുറ്റും വന്നുനിന്ന് ബഹളം വയ്ക്കുകയും ചെയ്തു.)

29 (*151) <u>ലഹരി ഉപയോഗം തടയുന്നതിന് നടപടി</u>

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി.

രാജേഷ്) നൽകിയ മറുപടിയിൽ, വിമാന, ട്രെയിൻ മാർഗ്ഗങ്ങളിലൂടെയും അതിർത്തി ചെക്ക് പോസ്റ്റുകൾ വഴിയും മയക്കുമരുന്ന് എത്തിക്കുന്നത് തടയാൻ എക്സൈസ് എൻഫോഴ്സ്മെന്റ് വിംഗ്, പോലീസ്, റെയിൽവേ സുരക്ഷാസേന, കസ്റ്റംസ് തുടങ്ങിയ ഏജൻസികളുമായും വനം വകുപ്പ് ഉൾപ്പെടെയുള്ള സേനാ വിഭാഗങ്ങളുമായും മറ്റ് സംസ്ഥാനങ്ങളിലെ പോലീസ്, എക്സൈസ് സേനകളുമായും ചേർന്ന് സംയുക്ത റെയ്ഡുകളും പരിശോധനകളും നടത്തി വരുന്നുണ്ടെന്നും രഹസ്യ വിവരങ്ങൾ യഥാസമയം സേനാ വിഭാഗങ്ങൾക്ക് പരസ്പരം കൈമാറി കേസുകൾ കണ്ടെടുക്കുന്നതായും സഭയെ അറിയിച്ചു. ഉത്സവ സീസണുകളിൽ (സ്പെഷ്യൽ ഡ്രൈവ് പ്രഖ്യാപിച്ച്) പ്രത്യേക ടീം രൂപീകരിച്ച് പരിശോധന നടത്തുകയും സംശയമുള്ള വ്യക്തികളെ/വാഹനങ്ങളെ രഹസ്യമായി നിരീക്ഷിക്കുന്നതിന് ഉദ്യോഗസ്ഥരെ മഫ്തിയിൽ നിയോഗിക്കുകയും അതിർത്തിപ്രദേശങ്ങളിൽ രാത്രികാല വാഹന പരിശോധന ശക്തിപ്പെടുത്തുകയും മുന്നറിയിപ്പില്ലാതെ കോമ്പിംഗുകൾ നടത്തുകയും ചെയ്യുന്നുണ്ട്. Abon Drug Test Kit ഉപയോഗിച്ചും 'സേവ് ദി സ്പ്രിംഗ്' എന്ന പേരിലും ലഹരി ഉപയോഗിക്കുന്ന കുട്ടികളെ നേർവഴിക്ക് നടത്തുന്നതിനായി പരിശോധനകൾ നടത്തുന്നുണ്ടെന്നും എക്സൈസ് വകുപ്പിൽ പുതുതായി 33 വാഹനങ്ങൾ

അനുവദിച്ചിട്ടുണ്ടെന്നും അതിർത്തിപ്രദേശങ്ങളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. പുതിയ റെയ്ഞ്ച് ഓഫീസുകൾ, ജനമൈത്രി സ്ക്വാഡുകൾ എന്നിവ രൂപീകരിക്കുന്നതിനും ട്രൈബൽ മേഖലയിലെ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന് പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്കായി 100 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനും ശിപാർശ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നാല് ജില്ലകളിൽ വയർലെസ് സംവിധാനം ഏർപ്പെടുത്തുകയും ആധുനിക ചോദ്യം ചെയ്യൽ മുറികൾ സജ്ജീകരിക്കുകയും എക്സൈസ് വകുപ്പിന്റെ ഐ.ടി. സെൽ ശാക്തീകരിക്കുകയും ഓൺലൈൻ പ്ലാറ്റ്ഫോം വഴിയുള്ള മയക്കമരുന്ന് വിപണനം തടയുന്നതിന് ആധുനിക സോഫ്റ്റ്വെയർ സംവിധാനങ്ങൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയും സൈബർ സെൽ ആധുനികവൽക്കരിക്കുകയും ഉദ്യോഗസ്ഥർക്ക് C-DAC, Cyber Dom എന്നിവിടങ്ങളിൽ പരിശീലനം നൽകുകയും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ സർവ്വീസ് പ്ലസ് എന്ന വെബ് ആപ്ലിക്കേഷനിലൂടെ ഓൺലൈനാക്കുകയും ചെയ്തിട്ടുണ്ട്. മയക്കമരുന്നുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന 63 കുറ്റവാളികളെ PIT NDPS Act

പ്രകാരം കരുതൽ തടങ്കലിൽ വയ്ക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണെന്നും കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന്റെ ഭാഗമായി കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന് എക്സൈസ് വകുപ്പിനെ അധികാരപ്പെടുത്തുന്ന വിധം ജ്യൂവനൈൽ ജസ്റ്റിസ് നിയമം ഭേദഗതി ചെയ്യണമെന്നും NDPS Act പ്രകാരം കണ്ടെടുക്കുന്ന ലഹരി മരുന്നുകളുടെ അളവുകൾ പുതുക്കി നിശ്ചയിക്കണമെന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 500 മീറ്റർ ചുറ്റളവിനുള്ളിൽ പുകയില ഉത്പന്നങ്ങൾ വില്പന നടത്തുന്നത് നിരോധിക്കണമെന്നുമാവശ്യപ്പെട്ടുകൊണ്ടുള്ള ശിപാർശകൾ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. സ്കൂൾ പരിസരങ്ങളിൽ നിരോധിത പുകയില-ലഹരി ഉൽപ്പന്നങ്ങളുടെ വിൽപ്പന തടയുന്നതിനായി നടത്തിയ പരിശോധനയിൽ 517 COTPA കേസ്സുകളും ആറ് NDPS കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും സ്ഥിരമായി COTPA കേസ്സുകളിൽ ഉൾപ്പെടുന്ന 12 കടകളുടെ ലൈസൻസ് റദ്ദാക്കിയിട്ടുണ്ടെന്നും ഇതരസംസ്ഥാനങ്ങളിൽനിന്നുള്ള ലഹരിക്കടത്ത് തടയാൻ 'കെമു' (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) ആരംഭിക്കുമെന്നും ചെറുറോഡുകൾ വഴിയുള്ള ലഹരിക്കടത്ത് തടയാൻ വാഹന പരിശോധനയും പട്രോളിംഗും ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി

മന്ത്രി അറിയിച്ചു.

30 (*152) ഭക്ഷ്യ വിഷബാധക്കെതിരായി സ്വീകരിച്ച പ്രതിരോധ നടപടി

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടിയിൽ, ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി നിയമപരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, ബോധവൽക്കരണം, ട്രെയിനിംഗ് എന്നിവ നടപ്പിലാക്കിവരുന്നതായി സഭയെ അറിയിച്ചു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ലൈസൻസ്/രജിസ്ട്രേഷൻ നൽകൽ, നിയമപരമായ സാമ്പിൾ ശേഖരിക്കൽ, അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യൽ, പഠന സംബന്ധമായ സാമ്പിൾ ശേഖരിക്കൽ, പരാതി അന്വേഷിച്ച് നടപടി സ്വീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്നും ഇത്തരം നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്നുറപ്പാക്കാൻ കമ്മീഷണറേറ്റിൽ ഒരു നിയമ ഓഫീസറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. ചില പ്രത്യേക സന്ദർഭങ്ങളിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്താറുണ്ടെന്നും 'ഓപ്പറേഷൻ ഷവർമ', 'ഓപ്പറേഷൻ ഫോസ്കോസ് എന്നിവയുടെ ഭാഗമായി നിരവധി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും

പ്രവർത്തനം നിർത്തിവയ്പിക്കുകയും പിഴ ചുമത്തുകയും ചെയ്തിട്ടുണ്ടെന്നും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന ഷവർമ ട്രക്കുകൾ, ഷവർമ വിൽപ്പന നടത്തുന്ന മറ്റ് ഭക്ഷ്യ സ്ഥാപനങ്ങൾ എന്നിവ സ്ഥിരമായി പരിശോധിക്കുന്നുണ്ടെന്നും അറിയിച്ചു. എല്ലാ ഭക്ഷ്യ സ്ഥാപനങ്ങളെയും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനായി ലൈസൻസ് മേളകളും ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ട്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) തൊഴിലാളികൾക്കും ഭക്ഷ്യ സംരംഭകർക്കും നൽകിവരുന്നു. ഭക്ഷ്യ വിഷബാധ ആവർത്തിക്കാതിരിക്കാനായി പച്ചമുട്ടയിൽ നിന്നുണ്ടാക്കുന്ന മയോണൈസിന് നിരോധനം ഏർപ്പെടുത്തുകയും ഭക്ഷണം കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കുകയും പാഴ്സൽ പായ്ക്കറ്റുകളിൽ പാകം ചെയ്ത തീയതിയും സമയവും ഉപയോഗിക്കാവുന്ന സമയവും രേഖപ്പെടുത്തണമെന്ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ജില്ലാ സർവൈലൻസ് ടീമിന്റെ നേതൃത്വത്തിൽ

ഭക്ഷ്യവിഷബാധ ഉൾപ്പെടെയുള്ള ഔട്ട് ബ്രേക്കുകൾ നിരീക്ഷിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതുൾപ്പെടെ ഭക്ഷ്യ വിഷബാധയേൽക്കാതിരിക്കാൻ പാലിക്കേണ്ട ശീലങ്ങളെയും നടപടികളെയുംകുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും വിഷബാധയുടെ കാരണം കണ്ടെത്തി പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ടെന്നും ഭക്ഷ്യ വിഷബാധ സംബന്ധിച്ച് അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതിനും മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ മാർക്കറ്റിലെത്തുന്നതിനുമുമ്പ് തടയുന്നതിനുമായി ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. ഭക്ഷണശാലയിലെ ശുചിത്വം ഉറപ്പാക്കുന്നതിനും ലൈസൻസില്ലാതെയും വൃത്തിഹീനമായും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നിർത്തിവയ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നതായും ഭക്ഷണശാലകളുമായി ബന്ധപ്പെട്ട പരാതികൾ അറിയിക്കുന്നതിനായി grievance portal-ന് രൂപം കൊടുത്തിട്ടുണ്ടെന്നും ലൈസൻസ് താല്ക്കാലികമായി സസ്പെൻഡ് ചെയ്താൽ കമ്മീഷണറുടെ അനുമതിയോടെ മാത്രമേ തുറന്നുപ്രവർത്തിക്കാൻ സാധിക്കുകയുള്ളൂവെന്നും എല്ലാ ജില്ലകളിലും മൊബൈൽ ഭക്ഷ്യസുരക്ഷാ ലാബുകളുണ്ടെന്നും Street

Food Hub ഉൾപ്പെടെയുള്ള പദ്ധതികളിലൂടെ സുരക്ഷിത ഭക്ഷണ ഇടമാക്കി സംസ്ഥാനത്തെ മാറ്റുമെന്നും ഭക്ഷ്യസുരക്ഷാ വകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി Eat Right App വികസിപ്പിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് 9.26-ന് ചോദ്യോത്തരവേളയുടെ തുടർന്നുള്ള ഭാഗം റദ്ദ് ചെയ്തു.)